പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 279 | 04/06/2018 ൽ മറുപടി<br>നല്കേണ്ടത്. |

**സമഗ്ര മാനസികാരോഗ്യ പദ്ധതി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എ. പ്രദീപ്കുമാർ**<br>**,, ബി.സത്യൻ**<br>**,, പി. ഉണ്ണി**<br>**,, ഐ.ബി. സതീഷ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് സമഗ്ര മാനസികാരോഗ്യ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; | എ) | ഉണ്ട്. |
| ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും പകൽവീട് പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | ബി) | ഉണ്ട്.<br>സംസ്ഥാനത്തൊട്ടാകെ 26 പകൽവീടുകളാണ് സമഗ്ര മാനസികാരോഗ്യപദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ളത്. ഇതിനു പുറമേ ഈ സാമ്പത്തിക വർഷത്തിൽ 4 പകൽ വീടുകൾ കൂടി ആരംഭിക്കുന്നതാണ്. മാനസികരോഗം ചികിത്സിച്ച് ഭേദമാക്കുകയും/ കുറവുവരികയും, എന്നാൽ ജോലിക്ക് പോകാതിരിക്കുകയും ചെയ്യുന്ന രോഗികളെയാണ് പകൽ വീടുകളിൽ എത്തിക്കുന്നത്. ഇതിന് വേണ്ടി വാഹന സൗകര്യം ഓരോ പകൽ വീടിനും ഏർപ്പെടുത്തിയിട്ടുണ്ട്. കൊണ്ടുവരുന്ന രോഗികൾക്ക് ഉച്ചഭക്ഷണവും രാവിലെയും വൈകുന്നേരവും ഉള്ള ചായയും ലഘുഭക്ഷണവും പകൽ വീടുകളിൽ നിന്ന് തന്നെ നൽകി വരുന്നു. കൂടാതെ തൊഴിൽ പരിശീലനം (മരുന്ന് കവർ നിർമ്മാണം, ലോഷൻ നിർമ്മാണം, ഹോർട്ടികൾച്ചർ തുടങ്ങിയവ) റെക്രിയേഷൻ തെറാപ്പി, വായന തുടങ്ങിയവയെല്ലാം നടപ്പിലാക്കുന്നു. |

| | | | |
|---|---|---|---|
| സി) | മാനസികാരോഗ്യ ചികിത്സ പ്രാഥമിക തലത്തിൽ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | സി) | വിഷാദരോഗചികിത്സ പ്രാഥമികാരോഗ്യ തലത്തിൽ ലഭ്യമാക്കാൻ വേണ്ടി 2017 ഏപ്രിൽ 7ന് ലോകാരോഗ്യദിനത്തോടനുബന്ധിച്ച് "ആശ്വാസം" പദ്ധതി നടപ്പിലാക്കിത്തുടങ്ങി. ഇതിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെയുള്ള 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ വിഷാദരോഗത്തിനുള്ള ചികിൽസാ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സമൂഹത്തിൽ തന്നെ ഇത് കണ്ടെത്തുവാനായി ആരോഗ്യപ്രവർത്തകർക്ക് സ്ക്രീനിംഗ് പരിശീലനം നൽകിയിട്ടുണ്ട്. ഇതിനു പുറമേ ആശുപത്രികളിൽ മറ്റുരോഗങ്ങളുമായി വരുന്നവർക്ക് തന്നെയും വിഷാദ രോഗസ്ക്രീനിംഗ് ചെയ്യുന്നതിന് നഴ്സുമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. മേൽപറഞ്ഞ സ്ക്രീനിംഗിൽ പോസിറ്റീവ് ആയിട്ടുള്ളവരെ കുടുംബാരോഗ്യ കേന്ദ്രത്തിലെ തന്നെ ഡോക്ടർമാർ പരിശോധിക്കുകയും ചികിത്സ ലഭ്യമാക്കുകയും ചെയ്യും. ഔഷധ ചികിത്സ ആവശ്യമെങ്കിൽ അതിനുള്ള ഔഷധങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ തന്നെ ലഭ്യമാക്കിയിട്ടുണ്ട്. വിദഗ്ധ ചികിത്സ ആവശ്യമായിട്ടുള്ളവരെ തൊട്ടടുത്തുള്ള ജില്ലാ മാനസികാരോഗ്യ പരിപാടിയിലേക്ക് റഫർ ചെയ്യുന്നു.<br>2018 മാർച്ച് മുതൽ 'സമ്പൂർണ്ണ മാനസികാരോഗ്യ' പരിപാടിയും കുടുംബാരോഗ്യ കേന്ദ്രങ്ങളിലെല്ലാം നടപ്പാക്കി തുടങ്ങിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആശവർക്കർമാർക്ക് പരിശീലനം നൽകുകയും പഞ്ചായത്തിലെ എല്ലാ വീടുകളും സന്ദർശിച്ച് മാനസിക പ്രശ്നങ്ങൾ ഉള്ളവരെ കണ്ടെത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നടത്തുന്ന മാനസികാരോഗ്യ ക്യാമ്പുകളിൽ എത്തിച്ച് ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ കീഴിൽ ചികിത്സ നല്കുന്നു. ഇതുവഴി മാനസിക സമ്മർദം, മാനസിക രോഗങ്ങൾ, ലഹരി വസ്തുക്കളുടെ ഉപയോഗം തുടങ്ങിയ പ്രശ്നങ്ങൾ ഉള്ളവരെ കണ്ടെത്തി പ്രാഥമികാരോഗ്യ തലത്തിൽതന്നെ ചികിത്സ |

| | | | |
|---|---|---|---|
| | | | നൽകാൻ കഴിയുന്നു. കൂടാതെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ മാനസികാരോഗ്യ ക്യാമ്പുകൾ മാസം തോറും ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തൊട്ടാകെ നടത്തി വരുന്നു. ഇതിലൂടെ മാത്രമായി മാസം 20,000 ത്തിൽ അധികം പേർക്ക് മാനസികാരോഗ്യ സേവനം നൽകുവാൻ കഴിയുന്നു. ഇവർക്കുള്ള തുടർ ചികിത്സ തൊട്ടടുത്തുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തിരുവനന്തപുരം ജില്ലയിൽ ഇത് വിജയകരമായി നടപ്പിലാക്കി കഴിഞ്ഞു. കൂടാതെ എല്ലാ മെഡിക്കൽ ഓഫീസർമാർക്കും ജില്ലകളിൽ മാനസികാരോഗ്യത്തെപ്പറ്റിയും ചികിത്സാ രീതികളെപ്പറ്റിയും ട്രെയിനിംഗ് നൽകി വരുന്നുണ്ട്. |
| ഡി) | പ്രസ്തുത പദ്ധതിക്കായി നടപ്പ സാമ്പത്തിക വർഷം എത്ര തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | ഡി) | ജില്ലാ മാനസികാരോഗ്യ പരിപാടിക്കായി ആറു കോടി അറുപതുലക്ഷം രൂപയും (6,60,00,000 രൂപ ) പകൽ വീടുകൾക്കായി ആറുകോടി രൂപയുമാണ് ( 6,00,00,000 രൂപ ) അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ